റുണ്ട്. വാഹനഗതാഗതം ചിലപ്പോൾ മണിക്കൂറുകളോളം സ്തംഭിക്കും. തന്നിമിത്തം പൊതുജനങ്ങൾക്ക് അസൗകര്യങ്ങൾ ഉണ്ടാകുന്നതായ് ബോദ്ധ്യപ്പെട്ടതിനാൽ അത് തൽക്കാലത്തേക്ക് സെൻട്രൽ റേഞ്ച് ഡി.ഐ.ജി. തടഞ്ഞത് ശരിയാണ്. അതു ഇപ്പോൾ പിൻവലിച്ചിട്ടുണ്ട്. അതിനെക്കുറിച്ച് യാതൊരു പ്രയാസവുമുണ്ടാകുകയില്ല.

29. മാവേലിക്കര ട്രാൻസ്പോർട്ട് ബസ് സ്റ്റേഷന്റെ കെട്ടിടനിർമ്മാണം

ശ്രീ. എസ്. ഗോവിന്ദക്കുറുപ്പ്: സർ, എന്റെ നിയോജകമണ്ഡലമായ മാവേലിക്കര ടൗണിൽ ട്രാൻസ്പോർട്ട് ബസ് സ്റ്റേഷനുവേണ്ടി ഒരു കെട്ടിടത്തിന്റെ പണി ആരംഭിച്ചിട്ട് കുറച്ചധികകാലമായി. അതു പണിഞ്ഞുകൊണ്ടിരുന്ന കോൺട്രാക്ടർക്ക് കാശു കൊടുക്കാത്തതിന്റെ ഫലമായിട്ടോ എന്തു കാരണംകൊണ്ടോ പണി സ്തംഭിച്ചിരിക്കുകയാണ്. ഇപ്പോൾ രണ്ടു ലക്ഷംകൂടി മുടക്കിയാൽ കെട്ടിടത്തിന്റെ പണി പൂർത്തിയാക്കാനും ഉപയോഗപ്രദമാക്കാനും കഴിയും. ഈ രണ്ടു ലക്ഷം രൂപകൂടി മുടക്കുകയും നേരത്തെയുള്ള ബില്ല് കൊടുക്കുകയും ചെയ്താൽ എന്ത് ബദ്ധപ്പെട്ടാണെങ്കിലും ആ പണി പൂർത്തിയാക്കണമെന്ന് അഭ്യർത്ഥിക്കുന്നു. ആ പണി ഏറ്റെടുത്തതിന്റെപേരിൽ ഒരു ചരിത്രമുണ്ട്. അതു ബഹുമാനപ്പെട്ട മന്ത്രിക്കറിയാമെന്ന് ഞാൻ വിശ്വസിക്കുന്നു. അതുകൊണ്ട് ഇത് ഉപയോഗപ്രദമാക്കണമെന്ന് അപേക്ഷിക്കുകയാണ്.

ഗതാഗതവകുപ്പു മന്ത്രി (ശ്രീ. പി. കെ. വേലായുധൻ): സർ, മാവേലിക്കര സബ് ഡിപ്പോയുടെ പണി തുടങ്ങിയത് 17–10–1984ലാണ്. ബഹുമാനപ്പെട്ട ശ്രീ. ഗോവിന്ദക്കുറുപ്പ് സൂചിപ്പിച്ചതുപോലെ പണി ഇപ്പോൾ ഏതാണ്ട് ഉപേക്ഷിച്ച മട്ടിലാണ് നിൽക്കുന്നത്. അതുകൊണ്ട് പണിക്ക് സ്തംഭനമുണ്ടായിട്ടുണ്ട്. എന്നാൽ പണി നിറുത്തിവയ്ക്കണമെന്ന് കെ.എസ്.ആർ.ടി.സി. യിൽനിന്നും നിർദ്ദേശം കൊടുത്തിട്ടില്ല. അതുപോലെതന്നെ കോൺട്രാക്ടർക്ക് ബില്ല് ഡ്യൂസുണ്ട്. കെ.എസ്.ആർ.ടി.സി. യുടെ സാമ്പത്തികപരിമിതി മൂലം മാവേലിക്കരയിലും പണി നടന്നുകൊണ്ടിരുന്ന പല സ്ഥലങ്ങളിലും ഡ്യൂസുണ്ടായിട്ടുണ്ട്. ഏതായിരുന്നാലും ഇക്കാര്യം സജീവമായി പരിഗണിക്കുന്നതാണ്.

30. വടക്കാഞ്ചേരി റെയിൽവേ ഓവർ ബ്രിഡ്ജിന്റെ പണി

ശ്രീ. കെ.എസ്. നാരായണൻ നമ്പൂതിരി: സർ, തൃശ്ശൂർ–ഷൊർണ്ണൂർ റോഡ് പാലക്കാട്, കോഴിക്കോട് പ്രദേശത്തേക്ക് പോകേണ്ട ഒരു പ്രധാനപ്പെട്ട റോഡാണ്. അതിൽ വടക്കാഞ്ചേരി ടൗണിന്റെ മദ്ധ്യത്തിൽ ഒരു റെയിൽവേ ഓവർബ്രിഡ്ജിന്റെ പണിക്ക് ബഡ്ജറ്റിൽ തുക കൊള്ളിച്ചിട്ട് കാലങ്ങൾ കുറെയായി. ഇതുവരെ അതു നടപ്പിൽ വന്നിട്ടില്ല. ഡബിൾ ലൈൻ വന്നതോടുകൂടി വണ്ടികൾ ഒന്നു പോയാലും അടുത്തവണ്ടി വരുന്നതുവരെ ലെവൽക്രോസ് അടച്ചിടുകയാണ്. അതുകൊണ്ട് അവിടത്തെ ഏറ്റവും വിഷമകരമായ സ്ഥിതി പരിഗണിച്ച് മുൻകാലങ്ങളിൽ കൊള്ളിച്ച പണി ഉടൻ ഏറ്റെടുത്ത് അവിടെ ഒരു ഓവർ ബ്രിഡ്ജ് ഉടനടി പണിയണമെന്ന് അഭ്യർത്ഥിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly